പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1873 **26-10-2026-ൽ മറുപടിയ്ക്ക്**

കിഫ്ബി വഴിയുള്ള വികസന പദ്ധതികളും സാമ്പത്തിക ബാധ്യതയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിക്കുന്ന കിഫ്ബിയുടെ നിലവിലെ പ്രവർത്തന രീതികളും സാമ്പത്തിക മാതൃകയും സംബന്ധിച്ച് സർക്കാറിന്റെ നിലപാട് വ്യക്തമാക്കാമോ;

മറുപടി: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ദീർഘകാല സുസ്ഥിരത ശക്തിപ്പെടുത്തുന്നതിനും, ഭരണനിലവാരം മെച്ചപ്പെടുത്തുന്നതിനും, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തെ പിന്തുണയ്ക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുന്നതിനുമായി, KIIFB-യുടെ നിലവിലുള്ള സാമ്പത്തിക, ഭരണപര, പ്രവർത്തനപരമായ ചട്ടക്കൂട് സമഗ്രമായി പുനഃപരിശോധിക്കുകയും പുനഃസംഘടനാ പദ്ധതി ശുപാർശ ചെയ്യുകയും ചെയ്യുന്നതിനായി സർക്കാർ സ.ഉ.(അച്ചടി) നം.80/2026/ധന തീയതി 13.07.2026 പ്രകാരം പ്രമുഖ വിദഗ്ധരെ ഉൾപ്പെടുത്തി അഞ്ച് അംഗ കമ്മിറ്റിക്ക് രൂപം നൽകിയിരുന്നു.

പ്രസ്തുത കമ്മിറ്റി KIIFB-യുടെ നിലവിലുള്ള ചട്ടക്കൂട് സമഗ്രമായി പുനഃപരിശോധിച്ച് ശുപാർശകൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ പ്രസ്തുത റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്

(ബി) കിഫ്ബി വഴി എടുത്ത കടങ്ങളും അതിന്മേലുള്ള തിരിച്ചടവ് ബാധ്യതയും സംസ്ഥാനത്തിന്റെ പൊതു കടപരിധിയിൽ വരുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കിഫ്ബി ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് സി.എ.ജി ഓഡിറ്റിംഗിന് വിധേയമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി കിഫ്ബിയുടെ ഘടനയിലും പ്രവർത്തനങ്ങളിലും ആവശ്യമായ പുനഃസംഘടനയോ മാറ്റങ്ങളോ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ